# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *775      23-07-2012-ൽ മറുപടിയ്ക്ക്

## സ്കൂൾ വാഹനങ്ങളിൽ കുട്ടികളെ കുത്തിനിറച്ചുകൊണ്ടു പോകുന്നതിനെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ബഷീർ :<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ :<br>ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ. കെ.എൻ.എ. ഖാദർ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ വാഹനങ്ങളിൽ കുട്ടികളെ കുത്തിനിറച്ച് അപകടകരമാകുന്ന വിധത്തിൽ കൊണ്ടുപോകുന്നത് പതിവായിട്ടും അതിനെതിരെ നടപടി ഉണ്ടാകാത്തതിനെക്കുറിച്ച് അന്വേഷിക്കുമോ ; | (എ) സ്കൂൾ വാഹനങ്ങളുടെ അപകടങ്ങൾ മൂലം കുട്ടികൾ മരിക്കാനിടയാകുന്ന സന്ദർഭങ്ങൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിലേക്ക് കർശനമായ വാഹന പരിശോധന നടത്തുന്നതിനായി സംസ്ഥാന പോലീസ് മേധാവി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുമായി പോകുന്ന വാഹനങ്ങൾ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പോലീസ് പരിശോധിച്ചു വരുന്നുണ്ട്. ഇത്തരം നിർദ്ദേശങ്ങൾ പാലിക്കാത്ത വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുകയും ഡ്രൈവർമാർക്കെതിരെ കേസുകൾ |

രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. കൂടാതെ കുട്ടികളുടെ യാത്രാ സുരക്ഷ ഉറപ്പാക്കാൻ വേണ്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ വേണ്ട നിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

**(ബി)** നിരവധി അപകടങ്ങളുണ്ടായിട്ടും പോലീസ് ശുഷ്കാന്തിയോടെ ഈ വിഷയത്തിൽ ഇടപെടാതിരിക്കുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ ;

**(ബി)** സ്കൂൾ കുട്ടികളുടെ സുരക്ഷയെ മുൻനിർത്തി പോലീസ് കർശന നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി എസ്.എച്ച്.ഒമാർ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകൾ സന്ദർശിക്കുകയും പ്രഥമ അധ്യാപകന്റെയും സഹപ്രവർത്തകരുടെയും യോഗങ്ങൾ വിളിച്ചു കൂട്ടുകയും സ്കൂൾ കുട്ടികളുടെ സുരക്ഷയെപ്പറ്റി അവരിൽ അവബോധം ഉളവാക്കുകയും ചെയ്തു വരുന്നു. കൂടാതെ സ്കൂളിലെ അധ്യാപകരിൽ ഒരാളെ "സ്കൂൾ സേഫ്റ്റി ഓഫീസറായി" നിയമിക്കുന്നതിനും സ്കൂൾ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരും പ്രസ്തുത വാഹനങ്ങളിലെ സ്റ്റാഫുകളുടെ വിവരങ്ങളും അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ സ്കൂൾ അധികൃതർ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നതിനായി എസ്.എച്ച്.ഒ മാർ സ്കൂളുകളിൽ

ആകസ്മിക പരിശോധനകൾ നടത്താറുണ്ട്. പോലീസ് സ്റ്റേഷനുകൾ സന്ദർശിക്കുന്ന സീനിയർ പോലീസ് ഉദ്യോഗസ്ഥന്മാർ സ്കൂൾ കുട്ടികളുടെ സുരക്ഷയ്ക്കായി എസ്.എച്ച്.ഒമാർ കൈക്കൊണ്ട നടപടികൾ പരിശോധിച്ച് വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ, ജനമൈത്രീ പോലീസ് എന്നിവ വഴി കുട്ടികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും ബോധവത്ക്കരണ ക്ലാസുകൾ നടത്തുകയും ചെയ്തു വരുന്നു.

(സി) ഇനിയുമൊരപകടമുണ്ടാകും മുമ്പ് ഇക്കാര്യത്തിൽ അടിയന്തിര നടപടിയുണ്ടാകുമോ ?

(സി) ഇത്തരത്തിലുള്ള അപകടങ്ങൾ തടയുന്നതിനായി സ്കൂൾ വാഹനങ്ങളെ പോലീസ് കർശനമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. വേണ്ടത്ര സുരക്ഷാ ക്രമീകരണങ്ങളില്ലാത്ത വാഹനങ്ങളെ കസ്റ്റഡിയിലെടുക്കുകയും ഡ്രൈവർമാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുകയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ